**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2129** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആശുപത്രിക്കും ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കുമെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശുപത്രിയ്ക്കും ഡോക്ടർമാർക്കുമെതിരെയുള്ള ആക്രമണങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇത്തരം സംഭവങ്ങൾ ഈ അടുത്തകാലത്തായി കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരുടെയും ഇതിൽ ഉൾപ്പെട്ടവരുടെയും വിശദാംശങ്ങൾ സഹിതം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാറുണ്ട്. |
| (ബി) | രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും സംരക്ഷണം ഉറപ്പുവരുത്താൻ ആശുപത്രികളെ സുരക്ഷാമേഖലയായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ആശുപത്രികളെ സുരക്ഷാ മേഖലയായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ആശുപത്രികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 12.08.2021 ലെ സ.ഉ(സാധാ) നം.1735/2021/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 04.07.2022 തീയതിയിലെ ബി4/118/2022/ആ.കു.വ നമ്പർ സർക്കുലർ പ്രകാരവും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രികളുടെയും ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെയും നിലവാരം ഉയർത്തുന്നതിന് നിലവിലെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. നിപ്പ, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികൾ ബാധിച്ച രോഗികൾക്ക് കിടത്തി ചികിത്സ നടത്തുന്നതിന് പ്രത്യേക വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ വിദഗ്ധ ഡോക്ടർമാരുടെയും നഴ്സിംഗ് അടക്കമുള്ള അനുബന്ധ സ്റ്റാഫുകളുടെയും സേവനം 24 മണിക്കൂറും ഉറപ്പു വരുത്തുകയും അതോടൊപ്പം ഇതിനാവശ്യമായ വെന്റിലേറ്റർ, ബെഡ് ഉൾപ്പെടെയുള്ള ചികിത്സാ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, |

| | | | |
|---|---|---|---|
| | | | **കിഫ്ബി പദ്ധതി മുഖേന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുക, ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്ത് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുക, ആർദ്രം മാനദണ്ഡമനുസരിച്ച് ആശുപത്രികളിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യവും വർദ്ധിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ഓരോ വിഭാഗം ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങളെക്കുറിച്ച് മാർഗ്ഗ രേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഘട്ടംഘട്ടമായി സൗകര്യങ്ങളും, മനുഷ്യ വിഭവശേഷിയും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.** |
| (ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിൽ ചില ന്യൂനതകൾ ഉള്ളതായി പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കുക എന്നും വ്യക്തമാക്കാമോ? | (ഡി) | **ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കണമെന്നും, ചികിത്സാ നിരക്കുകൾ ആശുപത്രികളിൽ പ്രദർശിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018 ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ